ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

മാധ്യമപ്രവർത്തകർക്കുനേരെ നടന്ന കയ്യേറ്റം

55 [56] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്കുനേരെ എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ പോലീസുമായി ബന്ധപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) ഏതെല്ലാം കേസുകളിലാണ് ബന്ധപ്പെട്ട പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തതു സംബന്ധിച്ച് എത്ര പരാതികളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 18 അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കോഴിക്കോട് ചേവായൂർ പി. എസ്സിലെ ക്രൈം 74/03/ യു/എസ്സ് 341, 324, 427 ആർ/ഡബ്ലിയൂ 34 ഐ. പി. സി. എന്ന കേസിൽ പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 16 പരാതികൾ

(ഇ) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തു എന്നാരോപിച്ച് ലഭിച്ച 16 പരാതികൾ അന്വേഷിച്ചതിൽ 5 എണ്ണം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഒരു പരാതി അന്വേഷണാവസ്ഥയിലാണ്. 10 പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിൽ 4 എണ്ണം അന്വേഷണാവസ്ഥയിലും 6 കേസുകൾ അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly